ഭാരത സർക്കാർ

നിയമ മന്ത്രാലയം

# കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ആക്റ്റ്, 1995

## (1995-ലെ 7-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്നപ്രകാരം)

# THE CABLE TELEVISION NETWORKS (REGULATION) ACT, 1995

## (ACT No. 7 OF 1995)

(AS ON 26TH SEPTEMBER, 2002)

വില : രൂപ 19.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

2006

## ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ആക്റ്റ്, 1995 (1995-ലെ 7-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലൈ 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 2-ാം വാല്യം 1-ാം നമ്പരായി 48 മുതൽ 53 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Cable Television Networks (Regulation) Act, 1995 (Act No. 7 of 1995) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 2, No. 1 dated 7th July, 2003 on pages 48 to 53.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/2384/06/DTP.

# കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ആക്റ്റ്, 1995

(1995-ലെ 7-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം

*വകുപ്പുകൾ* *പേജ്*


1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .. 1
2. നിർവചനങ്ങൾ .. 1


### അദ്ധ്യായം II

### കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ ക്രമപ്പെടുത്തൽ


3. രജിസ്ട്രേഷനു ശേഷമല്ലാതെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കാൻ പാടില്ലെന്ന് .. 2
4. കേബിൾ ഓപ്പറേറ്ററായി രജിസ്ട്രേഷൻ .. 2
5. പ്രോഗ്രാം കോഡ് .. 3
6. പരസ്യ കോഡ് .. 3
7. രജിസ്റ്റർ വച്ചുപോരൽ .. 3
8. ദൂരദർശൻ ചാനലുകളുടെ നിർബന്ധിത പ്രസരണം .. 3
9. കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിൽ അംഗീകൃത ഉപകരണത്തിന്റെ ഉപയോഗം .. 3
10. കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് ഒരു വാർത്താവിനിമയ സമ്പ്രദായവുമായി ഇടപെടാൻ പാടില്ലെന്ന് .. 3


### അദ്ധ്യായം III

### ചില ഉപകരണത്തിന്റെ പിടിച്ചെടുക്കലും കണ്ടുകെട്ടലും


11. കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന ഉപകരണം പിടിച്ചെടുക്കുന്നതിനുള്ള അധികാരം .. 4
12. കണ്ടുകെട്ടൽ .. 4
13. ഉപകരണത്തിന്റെ പിടിച്ചെടുക്കലോ കണ്ടുകെട്ടലോ മറ്റു ശിക്ഷയെ തടയരുതെന്ന് .. 4
14. ഉപകരണം പിടിച്ചെടുക്കപ്പെട്ട കേബിൾ ഓപ്പറേറ്റർക്ക് അവസരം നൽകൽ .. 4
15. അപ്പീൽ .. 4


### അദ്ധ്യായം IV

### കുറ്റങ്ങളും ദണ്ഡനങ്ങളും


16. ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ .. 5
17. കമ്പനികളാലുള്ള കുറ്റങ്ങൾ .. 5
18. കുറ്റങ്ങൾ നടപടിക്കെടുക്കൽ .. 5

## അദ്ധ്യായം V

## പലവക


| | | | |
|---|---|---|---|
| 19. | പൊതു താല്പര്യത്തിന് ചില പരിപാടികളുടെ പ്രസരണം നിരോധിക്കുന്നതിനുള്ള അധികാരം | .. | 6 |
| 20. | പൊതു താല്പര്യത്തിന് കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ പ്രവർത്തനം നിരോധിക്കുന്നതിനുള്ള അധികാരം | .. | 6 |
| 21. | മറ്റു നിയമങ്ങളുടെ ബാധകത തടയപ്പെടുന്നില്ലെന്ന് | .. | 6 |
| 22. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം | .. | 6 |
| 23. | റദ്ദാക്കലും ഒഴിവാക്കലുകളും | .. | 7 |

# കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ആക്റ്റ്, 1995

**(1995-ലെ 7-ാം നമ്പർ ആക്റ്റ്)**

[1995 മാർച്ച്, 25]

രാജ്യത്ത് കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ പ്രവർത്തനം ക്രമപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ വിഷയങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*—(1) ഈ ആക്റ്റിന് കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ആക്റ്റ്, 1995 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1994 സെപ്റ്റംബർ 29-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്നതാകുന്നു.

2. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

[1](ക) "അധികാരം നൽകപ്പെട്ട ഉദ്യോഗസ്ഥൻ" എന്നാൽ അയാളുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിൽ,—

(i) ജില്ലാ മജിസ്ട്രേറ്റ്, അല്ലെങ്കിൽ

(ii) സബ്-ഡിവിഷണൽ മജിസ്ട്രേറ്റ്, അല്ലെങ്കിൽ

(iii) ഒരു പോലീസ് കമ്മീഷണർ എന്നർത്ഥമാകുന്നതും, കേന്ദ്രസർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനപ്പെടുത്തുന്ന അങ്ങനെയുള്ള അധികാരിതയുടെ തദ്ദേശാതിർത്തിക്കുവേണ്ടി ആ സർക്കാരിനാൽ അധികാരം നൽകപ്പെട്ട ഒരു ഉദ്യോഗസ്ഥനായി നിശ്ചയിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതുമാകുന്നു;

[1](കക) "കേബിൾ ഓപ്പറേറ്റർ" എന്നാൽ ഒരു കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിലൂടെ കേബിൾ സേവനം നൽകുകയോ അല്ലെങ്കിൽ ഒരു കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ നടത്തിപ്പിനും പ്രവർത്തനത്തിനും ഉത്തരവാദിയായിരിക്കുകയോ മറ്റു വിധത്തിൽ നിയന്ത്രിക്കുകയോ ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നു;

(ഖ) "കേബിൾ സർവ്വീസ്" എന്നാൽ ഏതൊരു പ്രക്ഷേപണ ടെലിവിഷൻ സിഗ്നലുകളുടെയും കേബിൾ വഴിയുള്ള പുനഃപ്രസരണമുൾപ്പെടെ പരിപാടികളുടെ കേബിൾ വഴിയുള്ള പ്രസരണം എന്നർത്ഥമാകുന്നു;

(ഗ) "കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക്" എന്നാൽ അനേകം വരിക്കാരുടെ പ്രതിഗ്രഹണത്തിനു വേണ്ടി കേബിൾ സേവനം നൽകുന്നതിന് രൂപകല്പന ചെയ്തിട്ടുള്ള സംവൃതപ്രസരണ പാതകളുടെയും അനുബന്ധ സിഗ്നൽ ജനറേഷന്റെയും നിയന്ത്രണ-വിതരണ സാമഗ്രിയുടെയും ഒരു സെറ്റ് അടങ്ങുന്ന ഏതൊരു വ്യൂഹവും എന്നർത്ഥമാകുന്നു;

(ഘ) "കമ്പനി" എന്നാൽ കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1-ാം നമ്പർ ആക്റ്റ്) 3-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള പ്രകാരമുള്ള ഒരു കമ്പനി എന്നർത്ഥമാകുന്നു;

---

1. 2000-ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ഭേദഗതി ആക്റ്റ് (2000-ലെ 36-ാം നമ്പർ) 2-ാം വകുപ്പുപ്രകാരം ചേർത്തത് (1-9-2000 മുതൽ പ്രാബല്യം).

3/2384/06/DTP.

(ങ) "ആൾ" എന്നാൽ,—

(i) ഭാരതത്തിലെ പൗരനായ ഒരു വ്യക്തി;

(ii) ഭാരതത്തിലെ പൗരൻമാർ അംഗങ്ങളായുള്ള വ്യക്തികളുടെ ഒരു സമാജമോ, ഏകാംഗീകൃതമോ അല്ലാത്തതോ ആയ വ്യക്തികളുടെ ഒരു നികായം;

(iii) അമ്പത്തിഒന്ന് ശതമാനത്തിൽ കുറയാത്ത, അടവു ഓഹരിമൂലധനം, ഭാരതത്തിലെ പൗരൻമാർ കൈവശം വച്ചിരിക്കുന്ന ഒരു കമ്പനി, എന്നർത്ഥമാകുന്നു;

(ച) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഛ) "പരിപാടി" എന്നാൽ—

ഏതൊരു ടെലിവിഷൻ പ്രക്ഷേപണവും

(i) വീഡിയോ കാസറ്റ് റെക്കാർഡുകളിലൂടെയോ വീഡിയോ കാസറ്റ് പ്ലയറുകളിലൂടെയോ ഉള്ള സിനിമകളുടെയും ഫീച്ചറുകളുടെയും നാടകങ്ങളുടെയും പരസ്യങ്ങളുടെയും സീരിയലുകളുടെയും പ്രദർശനവും ;

(ii) ഏതൊരു ശ്രവ്യമോ ദൃശ്യമോ അല്ലെങ്കിൽ ശ്രവ്യ-ദൃശ്യമോ ആയ തത്സമയ പ്രകടനവും അല്ലെങ്കിൽ അവതരണവും ഉൾപ്പെടുന്നതും "പരിപാടികളുടെ സേവനം" എന്ന പദപ്രയോഗത്തിന് അതിനനുസരിച്ച് അർത്ഥം കല്പിക്കേണ്ടതുമാകുന്നു;

(ജ) "രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനം" എന്നാൽ ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനത്തിന്റെ ചുമതലകൾ നിർവഹിക്കുന്നതിന്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഝ) "വരിക്കാരൻ" എന്നാൽ മറ്റേതെങ്കിലും ആൾക്ക് വീണ്ടും പ്രസരണം ചെയ്യാതെ ഒരു കേബിൾ ഓപ്പറേറ്റർക്ക്, അയാൾ കാണിച്ചുകൊടുക്കുന്ന ഒരു സ്ഥലത്ത് കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ സിഗ്നലുകൾ പ്രതിഗ്രഹിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ ക്രമപ്പെടുത്തൽ

**3. *രജിസ്ട്രേഷന് ശേഷമല്ലാതെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കാൻ പാടില്ലെന്ന്.***—ഈ ആക്റ്റിൻകീഴിൽ ഒരു കേബിൾ ഓപ്പറേറ്ററായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത യാതൊരു ആളും, കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ്, ഒരു കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കുന്ന ഒരാൾക്ക് അങ്ങനെയുള്ള പ്രാരംഭം മുതൽ തൊണ്ണൂറു ദിവസക്കാലത്തേക്കും പ്രസ്തുത കാലയളവിനുള്ളിൽ ഒരു കേബിൾ ഓപ്പറേറ്ററായി രജിസ്ട്രേഷനുവേണ്ടി 4-ാം വകുപ്പുപ്രകാരം അയാൾ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ, ആ വകുപ്പുപ്രകാരം അയാൾ രജിസ്റ്റർ ചെയ്യപ്പെടുകയോ, അല്ലെങ്കിൽ ആ വകുപ്പു പ്രകാരം രജിസ്ട്രേഷൻ നൽകുന്നത് രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനം നിരസിക്കുകയോ ചെയ്യുന്നതുവരെയും അപ്രകാരം തുടരാവുന്നതാണ്.

**4. *കേബിൾ ഓപ്പറേറ്ററായി രജിസ്ട്രേഷൻ.***—(1) ഒരു കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കുന്നതോ പ്രവർത്തിപ്പിക്കാൻ ആഗ്രഹിക്കുന്നതോ ആയ ഏതൊരാളും ഒരു കേബിൾ ഓപ്പറേറ്റർ ആയുള്ള രജിസ്ട്രേഷനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനത്തിന് അപേക്ഷ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ അങ്ങനെയുള്ള ഫാറത്തിലും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫീസോടുകൂടി നൽകേണ്ടതാണ്.

(3) അപേക്ഷ ലഭിക്കുന്നതിൻമേൽ, ആവശ്യമായ എല്ലാ വിവരങ്ങളും അപേക്ഷകൻ നൽകിയിട്ടുണ്ടെന്ന രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനത്തിന് സ്വയം ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം ബോദ്ധ്യപ്പെടുന്നതിൻമേൽ, അപേക്ഷകനെ ഒരു കേബിൾ ഓപ്പറേറ്റർ ആയി രജിസ്റ്റർ ചെയ്യുന്നതും അങ്ങനെയുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അയാൾക്ക് നൽകുന്നതുമാണ്:

എന്നാൽ, 2-ാം വകുപ്പ് (ങ) ഖണ്ഡത്തിൽ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകൾ അപേക്ഷകൻ പാലിക്കുന്നില്ലെന്ന് രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം, എഴുതി രേഖപ്പെടുത്തേണ്ടതും അപേക്ഷകനെ അറിയിച്ചിരിക്കേണ്ടതുമായ കാരണങ്ങളാൽ, അയാൾക്ക് രജിസ്ട്രേഷൻ നൽകുന്നത് അതിന് നിരസിക്കാവുന്നതാണ്.

5. *പ്രോഗ്രാം കോഡ്.*—ഏതെങ്കിലും പരിപാടി നിർണ്ണയിക്കപ്പെട്ട പ്രോഗ്രാം കോഡിന് അനുസൃതമല്ലാത്തപക്ഷം, അങ്ങനെയുള്ള പരിപാടി യാതൊരാളും ഒരു കേബിൾ സർവ്വീസിലൂടെ പ്രസരണമോ പുനഃപ്രസരണമോ ചെയ്യാൻ പാടുള്ളതല്ല.

1. ** ** ** ** **

6. *പരസ്യ കോഡ്.*—ഏതെങ്കിലും പരസ്യം നിർണ്ണയിക്കപ്പെട്ട പരസ്യകോഡിന് അനുസൃതമല്ലാത്തപക്ഷം, അങ്ങനെയുള്ള പരസ്യം യാതൊരാളും ഒരു കേബിൾ സർവ്വീസിലൂടെ പ്രസരണമോ പുനഃപ്രസരണമോ ചെയ്യാൻ പാടുള്ളതല്ല.

2. ** ** ** ** **

7. *രജിസ്റ്റർ വച്ചുപോരൽ.*—ഏതൊരു കേബിൾ ഓപ്പറേറ്ററും, ഒരുമാസം, കേബിൾ സർവ്വീസ് വഴി പ്രസരണമോ പുനഃപ്രസരണമോ ചെയ്ത പരിപാടികൾ സംക്ഷിപ്തമായി കാണിക്കുന്ന നിർണ്ണയിക്കപ്പെട്ട രൂപത്തിലുള്ള ഒരു രജിസ്റ്റർ വച്ചുപോരേണ്ടതും, അങ്ങനെയുള്ള രജിസ്റ്റർ പ്രസ്തുത പരിപാടികളുടെ യഥാർത്ഥമായ പ്രസരണത്തിനോ പുനഃപ്രസരണത്തിനോ ശേഷം ഒരു വർഷക്കാലത്തേക്ക് കേബിൾ ഓപ്പറേറ്റർമാർ വച്ചുപോരേണ്ടതാണ്.

3. ** ** ** ** **

8. *ദൂരദർശൻ ചാനലുകളുടെ നിർബന്ധിത പ്രസരണം.*—(1) കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് (ക്രമപ്പെടുത്തൽ) ഭേദഗതി ആക്റ്റ്, 2000-ന്റെ പ്രാരംഭം മുതൽ, ഏതൊരു കേബിൾ ഓപ്പറേറ്ററും ഭൂതല ഫ്രീക്വൻസികൾ ഉൾക്കൊള്ളുന്നതല്ലാതെയുള്ള ഫ്രീക്വൻസിയിലെ ഉപഗ്രഹസമ്പ്രദായത്തിലുള്ള പ്രഥമ ബാൻഡിൽ കുറഞ്ഞത് രണ്ട് ദൂരദർശൻ ഭൂതല ചാനലുകളും ഒരു സംസ്ഥാനത്തിന്റെ ഒരു പ്രാദേശികഭാഷാ ചാനലും പുനഃപ്രസരണം ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ദൂരദർശൻ ചാനലുകൾ, അങ്ങനെയുള്ള ചാനലിൽ പ്രസരണം ചെയ്യുന്ന ഏതെങ്കിലും പരിപാടി ഏതെങ്കിലും എടുത്തുകളയലോ വ്യത്യാസപ്പെടുത്തലോ കൂടാതെ പുനഃപ്രസരണം ചെയ്യേണ്ടതാണ്.

(3) പ്രസാർ ഭാരതി (ഭാരതത്തിന്റെ പ്രക്ഷേപണ കോർപ്പറേഷൻ) ആക്റ്റ്, 1990 (1990-ലെ 25) 3-ാം വകുപ്പ് (1)—ാം ഉപവകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട പ്രസാർ ഭാരതിക്ക് (ഭാരതത്തിന്റെ പ്രക്ഷേപണ കോർപ്പറേഷൻ), ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, കേബിൾ ഓപ്പറേറ്ററുമാർ അവരുടെ കേബിൾ സേവനംവഴി പുനഃപ്രസരണം ചെയ്യേണ്ട ഓരോ ദൂരദർശൻ ചാനലിന്റെ എണ്ണവും പേരും അങ്ങനെയുള്ള ചാനലുകളുടെ പ്രതിഗ്രഹണത്തിന്റെയും പുനഃപ്രസരണത്തിന്റെയും രീതിയും വിനിർദ്ദേശിക്കാവുന്നതാണ്.

9. ***കേബിൾ ടെലിവിഷൻ നെറ്റ് വർക്കിൽ അംഗീകൃത ഉപകരണത്തിന്റെ ഉപയോഗം.***—ഭാരത നിലവാര ബ്യൂറോ ആക്റ്റ്, 1986 (1986-ലെ 63)-ന്റെ വ്യവസ്ഥകൾക്കനുസൃതമായി ഭാരത നിലവാര ബ്യൂറോ ഭാരത നിലവാരം പ്രസിദ്ധപ്പെടുത്തുകയും സ്ഥാപിക്കുകയും ചെയ്തത് മുതൽ മൂന്ന് വർഷക്കാലയളവ് അവസാനിക്കുന്ന തീയതിയിലും അതുമുതൽക്കും യാതൊരു കേബിൾ ഓപ്പറേറ്ററും അങ്ങനെയുള്ള ഉപകരണം പ്രസ്തുത ഭാരത നിലവാരവുമായി അനുരൂപമല്ലാത്തപക്ഷം, ഉപയോഗിക്കാൻ പാടുള്ളതല്ല.

10. ***കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് ഒരു വാർത്താവിനിമയ സമ്പ്രദായവുമായി ഇടപെടാൻ പാടില്ലെന്ന്.***—ഏതൊരു കേബിൾ ഓപ്പറേറ്ററും അയാൾ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന കേബിൾ നെറ്റ്‌വർക്ക് അംഗീകൃത വാർത്താവിനിമയ സമ്പ്രദായങ്ങളുടെ പ്രവർത്തനവുമായി യാതൊരു വിധത്തിലും ഇടപെടുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

---

1. 2000-ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ഭേദഗതി ആക്റ്റ് (2000-ലെ 36-ാം നമ്പർ) 3-ാം വകുപ്പു പ്രകാരം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു (1-9-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു (1-9-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 5-ാം വകുപ്പുപ്രകാരം 8-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർത്തത് (1-9-2000 മുതൽ പ്രാബല്യം).

## അദ്ധ്യായം III

## ചില ഉപകരണത്തിന്റെ പിടിച്ചെടുക്കലും കണ്ടുകെട്ടലും

**11.** ***കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന ഉപകരണം പിടിച്ചെടുക്കുന്നതിനുള്ള അധികാരം.***—[1](1) അധികാരം നൽകപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന് ഏതെങ്കിലും കേബിൾ ഓപ്പറേറ്റർ 3-ഓ 5-ഓ 6-ഓ 8-ഓ വകുപ്പിന്റെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്നോ ലംഘിക്കുന്നുണ്ടെന്നോ വിശ്വസിക്കാൻ കാരണമുള്ളപക്ഷം, കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള കേബിൾ ഓപ്പറേറ്റർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണം പിടിച്ചെടുക്കാവുന്നതാണ്.

(2) ഏത് ജില്ലാ ജഡ്ജിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ അങ്ങനെയുള്ള പിടിച്ചെടുക്കൽ നടത്തിയത്, അങ്ങനെയുള്ള കൈവശം തുടരുന്നതിന് ആ ജഡ്ജിയുടെ അംഗീകാരം ലഭിക്കാത്തപക്ഷം, അങ്ങനെയുള്ള യാതൊരു ഉപകരണവും അധികാരം നൽകപ്പെട്ട ഉദ്യോഗസ്ഥന് അതിന്റെ പിടിച്ചെടുക്കൽ തീയതി മുതൽ പത്തു ദിവസത്തിൽ കൂടിയ ഒരു കാലത്തേക്ക് കൈവശം തുടരാൻ പാടുള്ളതല്ല.

**12.** ***കണ്ടുകെട്ടൽ.***—ഏതു കേബിൾ ഓപ്പറേറ്ററുടെ പക്കൽ നിന്നാണോ ഉപകരണം പിടിച്ചെടുക്കപ്പെട്ടത് ആ കേബിൾ ഓപ്പറേറ്റർ, പ്രസ്തുത ഉപകരണം പിടിച്ചെടുക്കപ്പെട്ട തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ, 4-ാം വകുപ്പുപ്രകാരം ഒരു കേബിൾ ഓപ്പറേറ്ററായി അയാൾ തന്നെ രജിസ്റ്റർ ചെയ്യാത്തപക്ഷം, 11-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പിടിച്ചെടുക്കപ്പെട്ട ഉപകരണം കണ്ടുകെട്ടലിന് വിധേയമാകുന്നതാണ്.

**13.** ***ഉപകരണത്തിന്റെ പിടിച്ചെടുക്കലോ കണ്ടുകെട്ടലോ മറ്റു ശിക്ഷയെ തടയരുതെന്ന്.***—11-ാം വകുപ്പിലോ 12-ാം വകുപ്പിലോ പരാമർശിച്ചിട്ടുള്ള ഉപകരണത്തിന്റെ യാതൊരു പിടിച്ചെടുക്കലോ കണ്ടുകെട്ടലോ അതിനാൽ ബാധിക്കപ്പെട്ട ആളിനെ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അർഹമായ ഏതെങ്കിലും ശിക്ഷ ചുമത്തുന്നത് തടയാൻ പാടുള്ളതല്ല.

**14.** ***ഉപകരണം പിടിച്ചെടുക്കപ്പെട്ട കേബിൾ ഓപ്പറേറ്റർക്ക് അവസരം നൽകൽ.***—(1) എന്തു കാരണത്തിൻമേലാണ് അങ്ങനെയുള്ള ഉപകരണം കണ്ടുകെട്ടുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിച്ചുകൊണ്ടുള്ള ലിഖിതമായ നോട്ടീസ് നൽകപ്പെടുകയും കണ്ടുകെട്ടലിനെതിരായി വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള ന്യായമായ സമയത്തിനുള്ളിൽ, ലിഖിതമായ നിവേദനം നൽകുന്നതിനുള്ള ഒരവസരം അയാൾക്കു നൽകപ്പെടുകയും, അയാൾ അപ്രകാരം ആഗ്രഹിക്കുന്നെങ്കിൽ, ആ സംഗതിയിൽ അയാളെ കേൾക്കപ്പെടുവാനും ന്യായമായ ഒരവസരം അയാൾക്ക് നൽകുകയും ചെയ്യാത്തപക്ഷം, 12-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉപകരണത്തിന്റെ കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുന്ന യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല:

എന്നാൽ, ഉപകരണം പിടിച്ചെടുത്ത തീയതി മുതൽ പത്തു ദിവസത്തിനുള്ളിൽ അങ്ങനെയുള്ള നോട്ടീസ് നൽകിയിട്ടില്ലാത്തിടത്ത്, ആ കാലയളവ് അവസാനിച്ചശേഷം, അങ്ങനെയുള്ള ഉപകരണം ഏത് കേബിൾ ഓപ്പറേറ്ററുടെ കൈവശത്തിൽ നിന്നാണോ അത് പിടിച്ചെടുത്തത്, ആ കേബിൾ ഓപ്പറേറ്റർക്ക് തിരികെ നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതൊഴികെ, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ വ്യവസ്ഥകൾ കഴിയുന്നിടത്തോളം, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതൊരു നടപടികൾക്കും ബാധകമാകുന്നതാണ്.

**15.** ***അപ്പീൽ.***—(1) ഒരു ഉപകരണത്തിന്റെ കണ്ടുകെട്ടൽ ന്യായനിർണ്ണയം നടത്തുന്ന കോടതിയുടെ ഏതെങ്കിലും തീരുമാനത്താൽ സങ്കടം അനുഭവിക്കുന്ന ഏതൊരു വ്യക്തിക്കും, അങ്ങനെയുള്ള കോടതിയുടെ തീരുമാനത്തിൽ നിന്നും അപ്പീൽ നിലനിൽക്കുന്ന കോടതിയിൽ, അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

---

[1] 2000-ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക്സ് (ക്രമപ്പെടുത്തൽ) ഭേദഗതി ആക്റ്റ് (2000-ലെ 36-ാം നമ്പർ) 3-ാം വകുപ്പു പ്രകാരം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു (1-9-2000 മുതൽ പ്രാബല്യം).

(2) അപ്പീൽ കോടതിക്ക്, അപ്പീൽവാദിക്ക് കേൾക്കപ്പെടുവാൻ ഒരവസരം നൽകിയശേഷം, എതിരായി അപ്പീൽ നൽകപ്പെട്ട തീരുമാനം സ്ഥിരീകരിച്ചുകൊണ്ടോ രൂപഭേദപ്പെടുത്തിക്കൊണ്ടോ പുതുക്കിക്കൊണ്ടോ അതിനു യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങളോടുകൂടി ആവശ്യമെങ്കിൽ കൂടുതലായുള്ള തെളിവെടുപ്പിനുശേഷം, പുതിയ ഒരു തീരുമാനത്തിനോ ന്യായനിർണ്ണയത്തിനോ വേണ്ടി, അതതുസംഗതിപോലെ, ആ കേസ് തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച കോടതിയുടെ ഉത്തരവിനെതിരെ വീണ്ടും യാതൊരു അപ്പീലും നിലനിൽക്കുന്നതല്ല.

## അദ്ധ്യായം IV

## കുറ്റങ്ങളും ദണ്ഡനങ്ങളും

**16.** *ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.*—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും,—

(ക) ആദ്യ കുററത്തിന്, രണ്ടു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ ആയിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയോ, രണ്ടിനും കൂടിയോ;

(ഖ) പിന്നീടുള്ള ഓരോ കുറ്റത്തിനും, അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവ് ശിക്ഷയും അയ്യായിരം രൂപവരെയാകാവുന്ന പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

**17.** *കമ്പനികളാലുള്ള കുറ്റങ്ങൾ.*—(1) ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റം ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്ക് പുറമെ കുറ്റം ചെയ്യപ്പെട്ട സമയത്ത്, കമ്പനിയുടെ ബിസിനസിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും, കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും, ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ, അല്ലെങ്കിൽ കുറ്റം ചെയ്യപ്പെടുന്നത് തടയാൻ, താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നു, എന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, അയാളെ ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുറ്റം, ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ മറ്റു ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടു കൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതുമാണ്.

*വിശദീകരണം:*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃത നികായമെന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച് അതിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും, ആകുന്നു.

**18.** *കുറ്റങ്ങൾ നടപടിക്കെടുക്കൽ.*—യാതൊരു കോടതിയും, ഈ ആക്റ്റുപ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം, [1]അധികാരം നൽകപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥൻ ലിഖിതമായി നൽകുന്ന ഒരു പരാതിയിൻമേലല്ലാതെ നടപടിക്കെടുക്കാൻ പാടുള്ളതല്ല.

---

[1] 2000-ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് (ക്രമപ്പെടുത്തൽ) ഭേദഗതി ആക്റ്റ് (2000-ലെ 36-ാം നമ്പർ) 7-ാം വകുപ്പു പ്രകാരം ഭേദഗതി ചെയ്തത് (1-9-2000 മുതൽ പ്രാബല്യം).

## അദ്ധ്യായം V

## പലവക

**19.** *പൊതുതാൽപ്പര്യത്തിന് ചില പരിപാടികളുടെ പ്രസരണം നിരോധിക്കുന്നതിനുള്ള അധികാരം.*—[1]അധികാരം നൽകപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന്, പൊതുതാൽപ്പര്യത്തിന് അപ്രകാരം ചെയ്യുന്നത് ആവശ്യമോ യുക്തമോ ആണെന്ന് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന് ഉത്തരവുവഴി, [2]ഏതെങ്കിലും പരിപാടിയോ ചാനലോ, അത് 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള നിർണ്ണയിക്കപ്പെട്ട പ്രോഗ്രാം കോഡിനും 6-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള പരസ്യ കോഡിനും അനുരൂപമല്ലാത്ത പക്ഷവും അല്ലെങ്കിൽ അത് മതത്തിന്റെയോ വർഗ്ഗത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ കാരണങ്ങളിൻമേലോ അല്ലെങ്കിൽ മറ്റു കാരണങ്ങൾ എന്തുതന്നെ ആയാലും വ്യത്യസ്ത മതത്തിന്റെയോ വർഗ്ഗത്തിന്റെയോ ഭാഷയുടെയോ പ്രദേശത്തിന്റെയോ വിഭാഗങ്ങളുടെയോ അല്ലെങ്കിൽ ജാതികളുടെയോ സമുദായങ്ങളുടെയോ ഇടയിൽ സൗഹാർദ്ദം ഇല്ലായ്മയോ ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വിദ്വേഷമോ പുലർത്താൻ ഇടയുള്ളതാണെങ്കിലോ അല്ലെങ്കിൽ അത് പൊതുപ്രശാന്തിക്ക് കലക്കം ഉണ്ടാക്കാൻ ഇടയുള്ളതാണെങ്കിലോ, ഏതെങ്കിലും കേബിൾ ഓപ്പറേറ്ററെ, പ്രസരണമോ പുനഃപ്രസരണമോ ചെയ്യുന്നതിൽ നിന്ന് നിരോധിക്കാവുന്നതാണ്.

**20.** *പൊതുതാൽപ്പര്യത്തിന് കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ പ്രവർത്തനം നിരോധിക്കുന്നതിനുള്ള അധികാരം.*—[3](1) കേന്ദ്രസർക്കാരിന്, പൊതു താല്പര്യത്തിന് അപ്രകാരം ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്ന പക്ഷം, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, ഇതിലേക്കായി അത് വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള പ്രദേശങ്ങളിൽ ഏതെങ്കിലും കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിന്റെ പ്രവർത്തനം അതിന് നിരോധിക്കാവുന്നതാണ്.

(2) കേന്ദ്രസർക്കാരിന്,—

(i) ഭാരതത്തിന്റെ പരമാധികാരമോ അഖണ്ഡതയോ; അല്ലെങ്കിൽ

(ii) ഭാരതത്തിന്റെ സുരക്ഷിതത്വം; അല്ലെങ്കിൽ

(iii) ഏതെങ്കിലും വിദേശരാജ്യവുമായുള്ള ഭാരതത്തിന്റെ സൗഹൃദബന്ധങ്ങൾ; അല്ലെങ്കിൽ

(iv) പൊതു ക്രമസമാധാനമോ, അന്തസ്സോ, സാൻമാർഗ്ഗികതയോ എന്നിവയുടെ താത്പര്യത്തിന് അപ്രകാരം ചെയ്യുന്നത് ആവശ്യമോ യുക്തമോ ആണെന്ന് തോന്നുന്നപക്ഷം, അതിന് ഉത്തരവുവഴി, ഏതെങ്കിലും ചാനലിന്റെയോ പരിപാടിയുടെയോ പ്രസരണമോ പുനഃപ്രസരണമോ ക്രമീകരിക്കുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്.

(3) കേന്ദ്രസർക്കാർ, 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള നിർണ്ണയിക്കപ്പെട്ട പ്രോഗ്രാം കോഡിനോടും 6-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള പരസ്യകോഡിനോടും ഏതെങ്കിലും ചാനലിലെ ഏതെങ്കിലും പരിപാടി അനുസൃതമല്ലെന്ന് കരുതുന്നപക്ഷം, അതിന് ഉത്തരവുവഴി, അങ്ങനെയുള്ള പരിപാടിയുടെ പ്രസരണമോ പുനഃപ്രസരണമോ ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്.

**21.** *മറ്റു നിയമങ്ങളുടെ ബാധകത തടയപ്പെടുന്നില്ലെന്ന്.*—ഈ ആക്റ്റിലെ വ്യവസ്ഥകൾ, ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റ്, 1940 (1940-ലെ 23), ഫാർമസി ആക്റ്റ്, 1948 (1948-ലെ 8), എംബ്ലങ്ങളും പേരുകളും (ദുരുപയോഗം തടയൽ) ആക്റ്റ്, 1950 (1950-ലെ 12), മയക്കുമരുന്ന് (നിയന്ത്രണ) ആക്റ്റ്, 1950 (1950-ലെ 26), സിനിമാറ്റോഗ്രാഫ് ആക്റ്റ്, 1952 (1952-ലെ 37), ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജെക്ഷനബിൾ) അഡ്വർടൈസ്മെന്റ്സ് ആക്റ്റ്, 1954 (1954-ലെ 21), ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954 (1954-ലെ 37), പ്രൈസ് കോമ്പറ്റീഷൻസ് ആക്റ്റ്, 1955 (1955-ലെ 42), പകർപ്പവകാശ ആക്റ്റ്, 1957 (1957-ലെ 14), സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (തടയൽ) ആക്റ്റ്, 1986 (1986-ലെ 60), ഉപഭോക്തൃസംരക്ഷണ ആക്റ്റ്, 1986 (1986-ലെ 68) എന്നീ ആക്റ്റുകൾക്ക് പുറമെയുള്ളതും അവയ്ക്ക് ന്യൂനത വരുത്തുന്നതല്ലാത്തതും ആയിരിക്കുന്നതാകുന്നു.

**22.** *ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.*—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

---

[1] 2000-ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ഭേദഗതി ആക്റ്റ് (2000-ലെ 36-ാം നമ്പർ) 8-ാം വകുപ്പുപ്രകാരം ഭേദഗതി ചെയ്തത് (1-9-2000 മുതൽ പ്രാബല്യം).

[2] മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് 8-ാം വകുപ്പുപ്രകാരം ഭേദഗതി ചെയ്തത് (1-9-2000 മുതൽ പ്രാബല്യം).

[3] മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് 9-ാം വകുപ്പുപ്രകാരം ഭേദഗതി ചെയ്തത് (1-9-2000 മുതൽ പ്രാബല്യം).

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള അപേക്ഷാഫാറവും കൊടുക്കേണ്ട ഫീസും;

(ഖ) 5-ാം വകുപ്പുപ്രകാരമുള്ള പ്രോഗ്രാം കോഡ് ;

(ഗ) 6-ാം വകുപ്പുപ്രകാരമുള്ള പരസ്യകോഡ്;

(ഘ) 7-ാം വകുപ്പുപ്രകാരം ഒരു കേബിൾ ഓപ്പറേറ്റർ വച്ചുപോരേണ്ട രജിസ്റ്ററിന്റെ രൂപം;

(ങ) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റേതെങ്കിലും വിഷയം.

(3) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയാലും, ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**23.** ***റദ്ദാക്കലും ഒഴിവാക്കലുകളും.***—(1) കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (റഗുലേഷൻ) ഓർഡിനൻസ്, 1995 (1995-ലെ 3-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾപ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതേണ്ടതാണ്.

# THE CABLE TELEVISION NETWORKS (REGULATION) ACT, 1995

(ACT NO. 7 OF 1995)

# കേബിൾ ടെലിവിഷൻ നെറ്റ്‌വർക്സ് (ക്രമപ്പെടുത്തൽ) ആക്റ്റ്, 1995

(1995-ലെ 7-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Closed Transmission Paths | സംവൃത പ്രസരണ പാതകൾ | Sn. 2 (c) |
| 2. | Indian Standard Bureau Act, 1986 | ഭാരത നിലവാര ബ്യൂറോ ആക്റ്റ്, 1986 | Sn. 21 |
| 3. | Networks | നെറ്റ്‌വർക്കുകൾ | Long title |
| 4. | Transmission | പ്രസരണം | Sn. 2 (b) |